MY LORD, MY GOD

# Bulletin

DIOCESE OF IRINJALAKUDA

FEBRUARY 2015

Vol.: 36 Issue No. : 2

P.B. No. 59, Irinjalakuda - 680121
Phone : 2826830, 2826820
Website : www.irinjalakudadiocese.com
E-mail : ijkbph@gmail.com

## ഉള്ളടക്കം

| | | |
|---|---|---|
| 1 | ഇടയശബ്ദം | 02 |
| 2 | ഇടയലേഖനം | 05 |
| 3 | സർക്കുലർ | 10 |
| 4 | രോഗീദിനസന്ദേശം | 13 |
| 5 | തിരുബാലസഖ്യദിനം | 18 |
| 6 | കച്ചേരിക്കാര്യങ്ങൾ | 21 |
| 7 | പാസ്റ്ററൽ കൗൺസിൽ | 25 |
| 8 | ബ്ലസ് എ ഹോം | 27 |
| 9 | കെ.സി.എസ്.എൽ. | 29 |
| 10 | മതബോധനം | 30 |
| 11 | കരിസ്മാറ്റിക് മൂവ്മെന്റ് | 32 |
| 12 | അവാർഡ് | 33 |
| 13 | പാക്സ് | 34 |
| 14 | സെന്റ് പോൾസ് മൈനർ സെമിനാരി | 35 |
| 15 | സോഷ്യൽ ആക്ഷൻ | 36 |
| 16 | സാൻജോസദൻ | 38 |
| 17 | നവചൈതന്യ | 38 |
| 18 | സ്പിരിച്വാലിറ്റി സെന്റർ | 39 |
| 19 | ബി.എൽ.എം. | 40 |
| 20 | ഇടയന്റെ നാളെകൾ | 41 |
| 21 | ഇടയന്റെ ഇന്നലെകൾ | 44 |

# ഇടയശബ്ദം



*പ്രിയ സഹോദര വൈദീക സുഹൃത്തുക്കളെ, സ്നേഹമുള്ള സമർപ്പിതരേ, വാത്സല്യ അല്മായ സഹോദരരേ,*

നമ്മുടെ രൂപതയിൽനിന്നും ക്രിസ്മസ് കാലഘട്ടത്തിൽ 22 പേരാണ് പൗരോഹിത്യം സ്വീകരിച്ചത്. 7 പേർ രൂപതയ്ക്കുവേണ്ടി അജപാലനശുശ്രൂഷ നിർവ്വഹിക്കുവാൻ അഭിഷേകം ചെയ്യപ്പെട്ടു. രണ്ടു പേർ സാഗർ രൂപതയ്ക്കും ഒരാൾ സത്ന രൂപതയ്ക്കും ഒരാൾ ബഗത്പൂർ രൂപതയ്ക്കും ആറു പേർ CMI, 2 പേർ OFM. Cap., 2 പേർ സലേഷ്യൻ, ഒരാൾ വിൻസെൻഷ്യൻ എന്നീ സമർപ്പിത സമൂഹങ്ങൾക്കുംവേണ്ടി ശുശ്രൂഷ നിർവ്വഹിക്കാനായിട്ടാണ് അഭിഷേകം സ്വീകരിച്ചിരിക്കുന്നത്. നമ്മുടെ പ്രാർത്ഥനയും പ്രോത്സാഹനവും അവർക്ക് നൽകാം. അജപാലനശുശ്രൂഷയിലും പൗരോഹിത്യ ജീവിതത്തിലും ദൈവാനുഗ്രഹം സമൃദ്ധമായി ലഭിക്കുവാനും നല്ല ഇടയന്റെ മനോഭാവത്തോടെ പ്രവർത്തിക്കുവാനും അവർക്ക് സാധിക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

തിരുപ്പട്ടദാന ശുശ്രൂഷ അനുഭവപ്രദമാകുന്ന വിധത്തിൽ പരികർമ്മം ചെയ്യുവാൻ വേണ്ട ഒരുക്കങ്ങൾ നടത്തിയ അമ്പഴക്കാട്, കനകമല, ആനത്തടം, വെള്ളിക്കുളങ്ങര, കൊന്നക്കുഴി, മാള, വെളയനാട്, പുത്തൻചിറ ഈസ്റ്റ്, പുത്തൻചിറ ഫൊറോന, പുളിങ്കര, ഇഞ്ചക്കുണ്ട്, കരോട്ടുകര, പോട്ട, പേരാമ്പ്ര, വെള്ളാഞ്ചിറ, വാടച്ചിറ, മുനിപ്പാറ, ആളൂർ വരപ്രസാദനാഥ, കോട്ടയ്ക്കൽ എന്നീ ഇടവകകളിലെ വികാരി, അസി. വികാരി, സമർപ്പിതർ, ദൈവജനം എന്നിവരോടുള്ള കൃതജ്ഞതയും സ്നേഹവും അറിയിക്കുന്നു. ഇനിയും ധാരാളം സമർപ്പിത വൈദികദൈവവിളികൾ ഉണ്ടാകുവാൻ തമ്പുരാൻ കനിയട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

വത്തിക്കാൻ കൂരിയായിലെ ശുശ്രൂഷകരെ അഭിസംബോധന ചെയ്ത് 2014 ഡിസംബർ 22ന് ക്രിസ്മസ് ആശംസകൾ നൽകിയ

സന്ദേശത്തിൽ "അധികാരസ്ഥാനത്തിരുന്ന് ശുശ്രൂഷ നിർവ്വഹിക്കുന്നവർ സേവനമനോഭാവത്തിനുടമകളാണെന്ന് ഓർമ്മിപ്പിച്ചു. അവരുടെ പ്രവർത്തനമേഖലകൾ സഭയുടെ ചെറിയ പതിപ്പാണെന്ന് വിസ്മരിക്കരുത്. ക്രിസ്തുവിനോടും തങ്ങൾ തമ്മിൽത്തമ്മിലും ഐക്യം നിലനിർത്തണം. അങ്ങനെ വിശുദ്ധിയിലും വിജ്ഞാനത്തിലും കൂട്ടായ്മയിലും വളരുവാൻ സാധിക്കും. ഫ്രാൻസിസ് മാർപാപ്പ തുടർന്ന് പറയുന്നു. എന്നാൽ ഇതിന് വിപരീതമായി ചിലർ ഉന്നതപദവിയിലെത്തിയാൽ വിനയത്തിന്റെയും ഔദാര്യത്തിന്റെയും ചൈതന്യം ഉപേക്ഷിച്ച് തങ്ങൾ എല്ലാവർക്കും മേലെയാണെന്ന് ചിന്തിക്കുവാൻ തുടങ്ങും.

ഇത്തരം ചിന്ത ഒരു രോഗമാണെന്ന് പാപ്പ ഓർമ്മിപ്പിക്കുന്നു. ഇതിനുള്ള കാരണവും ഫ്രാൻസിസ് മാർപാപ്പ തന്റെ പ്രസംഗത്തിൽ പറയുന്നുണ്ട്. ദൈവത്തിൽ ആശ്രയിക്കുന്നതിനുപകരം തന്റെ തന്നെ പദ്ധതികളിലും കഴിവിലും മാത്രം ആശ്രയിക്കുന്നു. ദൈവവുമായുള്ള ആശ്രയബോധം തീർത്തും നഷ്ടപ്പെടുന്നു. തന്റെയുള്ളിൽ കൊത്തിയുണ്ടാക്കുന്ന സ്വന്തം വിഗ്രഹങ്ങളെ പൂജിക്കുന്നു. അവയുടെ അടിമകളായിത്തീരുകയും ചെയ്യുന്നു. They forget the personal encounter with God. ഇത്തരം രോഗത്തിന് Spiritual Alzheimer's disease എന്നാണ് പാപ്പ വിളിക്കുന്നത്. ആധുനിക സ്മൃതിനാശരോഗം എന്നാണ് മലയാള വിവർത്തനം. 15 രോഗലക്ഷണങ്ങളാണ് ഇതിനുള്ളതെന്ന് പാപ്പ പറയുന്നു. അവ താഴെപ്പറയുന്നവയാണ്. 1. തങ്ങൾ എല്ലാവരെക്കാളും മേലാളെന്ന ചിന്ത, 2. അമിതമായ കഠിനാദ്ധ്വാനം മൂലം ശാരീരികമായോ, മാനസികമായോ, ആധ്യാത്മികമായോ വിശ്രമമില്ലാത്ത അവസ്ഥ, 3. ആത്മീയവും ശാരീരികവും മാനസികവുമായ കാഠിന്യപ്രകൃതി, 4. ദൈവത്തെപ്പോലും മറന്ന് സ്വന്തം കഴിവിലുള്ള ആസൂത്രണവും പ്രവർത്തനവും, 5. ഏകോപനത്തിന്റെ അഭാവത്തിൽ തന്നിഷ്ടംപോലെയുള്ള പ്രവർത്തനം, 6. ആത്മീയതയുടെ അഭാവം, 7. മാത്സ്യര്യവും പൊങ്ങച്ചവും കലർന്ന പ്രവർത്തനശൈലി, 8. കാപട്യത്തിന്റെ മുഖം, 9. പരദൂഷണം, 10. സ്വയം ദിവ്യത്വം കല്പിച്ചുകൊണ്ടുള്ള പ്രവർത്തനം, 11. എല്ലാത്തിനോടും നിസ്സഹകരണവും നിസ്സംഗതയും, 12. കാർക്കശ്യവും പാരുഷ്യവും കലർന്ന ഭാവം, 13 സമ്പാദനലക്ഷ്യം മുന്നിൽ കണ്ടുകൊണ്ടുള്ള പ്രവർത്തനം, 14. സഭയുടെ ചട്ടങ്ങളും നിയമങ്ങളും വിസ്മരിച്ച് ചില സംഘ

ങ്ങളോട് ചേർന്നുള്ള പ്രവർത്തനശൈലി, 15. ഭൗതികലാഭം ലക്ഷ്യം വച്ചുള്ള പ്രവർത്തനം.

പരി. പിതാവ് ഇതിനുള്ള പ്രതിവിധിയും നിർദ്ദേശിക്കുന്നുണ്ട്. ദൈവത്തിൽ ആശ്രയിക്കുക, സ്വയം വ്യയംചെയ്യുക, മറ്റുള്ളവർക്ക് നന്മ ചെയ്യുക എന്നതാണ് പ്രതിവിധി. ഈ പ്രതിവിധിക്കുള്ള ദൈനം ദിന ചികിത്സാവിധികൾ മറ്റൊന്നുമല്ല അനുദിന പ്രാർത്ഥന, അനുര ഞ്ജന കൂദാശ, ദൈവവചനവായന, ദിവ്യകാരുണ്യയർപ്പണം, സമൂഹ പ്രാർത്ഥന, വ്യക്തിപരമായ പ്രാർത്ഥന എന്നിവയാണ്. ശുശ്രൂഷാ നിർവ്വഹണത്തിൽ ഏർപ്പെട്ടിരിക്കുന്ന നമുക്ക് ജാഗ്രത പുലർത്താം ദൈവത്തിൽ ആശ്രയിച്ച് ജീവിക്കാം. ഏവർക്കും നന്മ നേരുന്നു.

ഇരിങ്ങാലക്കുട
20. 01. 2015

**മാർ പോളി കണ്ണൂക്കാടൻ**
ഇരിങ്ങാലക്കുട രൂപത മെത്രാൻ

## ഈ മാസം പിറന്നാൾ ആഘോഷിക്കുന്ന വൈദികർ

February 1
- Rev. Fr. Feby Pulickan

February 2
- Rev. Fr. Davis (Riju) Pynadath
- Rev. Fr. Thomas Velakkanadan

February 4
- Rev. Fr. James Kavalakatt
- Rev. Fr. Binoy Thomas Nereparambil

February 5
- Rev. Fr. Benjamin Chirayath
- Rev. Fr. Jos Kavunkal

February 6
- Rev. Fr. Joseph Savio Payyappilly

February 8
- Rev. Fr. Manoj Karippai

February 9
- Rev. Fr. John Kavalakatt (Jr.)
- Rev. Fr. Joy Tharackal

February 11
- Rev. Fr. Sinu Arimbooparambil

February 14
- Rev. Fr. Subish Vattaparamban

February 13
- Rev. Fr. Ajith Cheriakara
- Rev. Fr. Linto Panamkulam

February 15
- Rev. Fr. Rinto Kodiyan

February 18
- Rev. Fr. Jose Maniparambil

February 19
- Rev. Fr. Nixon Chakkorya

February 21
- Rev. Fr. Sebastian Vazhappilly
- Rev. Fr. Seby Kootalaparambil

February 27
- Rev. Fr. Sinto Chittilappilly
- Rev. Fr. Anto Chungath

183/15
23.01.15

# ഇടയലേഖനം

*ദൈവകൃപയാലും പരി. സിംഹാസനത്തിൻ അനുഗ്രഹത്താലും ഇരിങ്ങാലക്കുട രൂപതയുടെ മെത്രാൻ, രൂപതയിലെ ബഹു. വികാരിയച്ചന്മാർക്കും മറ്റു വൈദികർക്കും സന്യാസിനീ സന്യാസികൾക്കും വിശ്വാസികൾക്കും ആശിർവ്വാദം.*

---

*യേശുവിൽ പ്രിയ ബഹു. വൈദികരേ, സന്യാസിനീ സന്യാസികളേ, പ്രിയ മക്കളേ,*

നോമ്പിന്റെയും ഉപവാസത്തിന്റെയും പ്രായശ്ചിത്തത്തിന്റെയും കാലത്തിലേക്ക് നാം പ്രവേശിക്കുകയാണ്. ചാക്കുടുത്ത് ചാരം പൂശി ദൈവത്തിന്റെ കഠിനശിക്ഷയിൽനിന്ന് രക്ഷ നേടാൻ നിനിവെയിലെ രാജാവും ജനങ്ങളും തയ്യാറായതുപോലെ നാമും ജീവിത നവീകരണത്തിനായി ഇന്നു മുതൽ 50 ദിവസങ്ങൾ നോമ്പ് ആചരിക്കുകയാണ്. ഈ നോമ്പാചരണം ഫലമണിയണമെങ്കിൽ സമൂലമായ ഹൃദയപരിവർത്തനം നമ്മിൽ ഉണ്ടാകണം. അതിനുവേണ്ടി നമ്മെ ഒരുക്കുന്ന ഉപാധികളാകണം നാം അനുഷ്ഠിക്കുന്ന മാംസവർജ്ജനവും നോമ്പാചരണവും. ഏശയ്യാ പ്രവാചകന്റെ വാക്കുകൾ നമുക്ക് പ്രചോദനമാണ് "ദുഷ്ടതയുടെ കെട്ടുകൾ പൊട്ടിക്കുകയും നുകത്തിന്റെ കയറുകൾ അഴിക്കുകയും ചെയ്യുന്നതല്ലെ ഞാൻ അനുഷ്ഠിക്കുന്ന ഉപവാസം. വിശക്കുന്നവനുമായി ആഹാരം പങ്കുവയ്ക്കുകയും ഭവനരഹിതരെ വീട്ടിൽ സ്വീകരിക്കുകയും നഗ്നനെ ഉടുപ്പിക്കുകയും ചെയ്യുന്നതല്ലെ ഞാൻ ആഗ്രഹിക്കുന്ന ഉപവാസം" (ഏശയ്യ 58:68). വെളിപാട് പുസ്തകത്തിൽ പറയുന്നതുപോലെ ആദ്യകാലഘട്ടങ്ങളിൽ ജീവിതത്തിൽ ഉണ്ടായിരുന്ന ദൈവവിശ്വാസവും നന്മയും കൈമോശം വന്നിട്ടുണ്ടെങ്കിൽ ഏതവസ്ഥയിൽ നിന്നാണോ അധഃപതിച്ചത് അതിലേക്ക് തിരിച്ചുപോകുവാൻ (വെളിപാട് 2:5) യഥാർത്ഥ ക്രിസ്തീയ ചൈതന്യത്തിലേക്ക് തിരിച്ചു നടക്കാൻ സഭാമാതാവ് ഈ കാലഘട്ടത്തിൽ പ്രത്യേകമായി നമ്മെ ഓർമ്മപ്പെടുത്തുന്നു. ലോകത്തോടുള്ള താല്പര്യങ്ങൾ നമ്മെ ദൈവത്തിൽനിന്ന് അകറ്റിയിട്ടുണ്ടോ എന്ന് കണ്ടെത്തേണ്ട സമയമാണിത്.

യേശുക്രിസ്തുവിന്റെ പീഢാസഹന-മരണ-ഉത്ഥാന അനുസ്മരണത്തിന്റെ ഒരുക്കമായി ഏഴ് ആഴ്ചകൾ സജീവമായ

പ്രാർത്ഥനയുടെയും ആത്മാർത്ഥമായ പരിത്യാഗത്തിന്റെയും അർത്ഥമുള്ള ദാനധർമ്മത്തിന്റെയും വഴിയിലൂടെ നാം സഞ്ചരിക്കുന്നു. ക്രൈസ്തവ ജീവിതത്തിൽ കൂടുതൽ തീക്ഷ്ണതയുള്ളവരാകാൻ അപരനിലേക്ക് മിഴി തുറന്ന് അവരുടെ നൊമ്പരങ്ങളെ സ്വന്തമാക്കാൻ തിരുസഭ ഈ വലിയ നോമ്പിലേക്ക് നമ്മെ ആഹ്വാനം ചെയ്യുന്നു.

പ്രാർത്ഥനയുടെ ആഴങ്ങളിലേക്ക് ഇറങ്ങി ദൈവവുമായി ദൃഢമായ ബന്ധം സ്ഥാപിക്കുവാൻ പ്രത്യേകമായി മാറ്റിവയ്ക്കപ്പെട്ടിരിക്കുന്ന സമയം കൂടിയാണ് നോമ്പുകാലം. ജീവിതത്തിലെ നിർണ്ണായകനിമിഷങ്ങളിലെല്ലാം യേശു ഏകാന്തതയിൽ പ്രാർത്ഥനയിൽ ചിലവഴിച്ചിരുന്നു. പിതാവിന്റെ ഹിതം കണ്ടെത്തുവാനുള്ള സമയമായിട്ടാണ് പ്രാർത്ഥനയുടെ മണിക്കൂറുകളെ ഈശോ കണ്ടെത്തിയത്. പഴയ നിയമ പുതിയ നിയമ താളുകളിലൂടെ കടന്നു പോകുമ്പോൾ ദൈവത്തോടൊപ്പം ഗാഢമായ ബന്ധം സ്ഥാപിക്കുവാൻ ജീവിതവ്യാപാരങ്ങളിൽനിന്ന് അല്പം മാറി, തിരക്കുകൾ മാറ്റിവച്ച് നിശബ്ദതയിലും ശാന്തതയിലും ഏകാന്തതയിലും കഴിച്ചു കൂട്ടുന്ന ദൈവികമനുഷ്യരെ നാം കണ്ടുമുട്ടുന്നുണ്ട്. മലമുകളിലും മരുഭൂമിയിലും തടാകതീരങ്ങളിലും താഴ്‌വരയിലും ദൈവത്തെ പൂർവ്വപിതാക്കന്മാരും പ്രവാചകരും ക്രിസ്തുവും ശ്ലീഹന്മാരും കണ്ടെത്തിയതുപോലെ ഈ നോമ്പുകാലഘട്ടത്തിൽ പ്രാർത്ഥനയിലൂടെയും തിരുവചനമനനത്തിലൂടെയും ദൈവത്തെ കണ്ടുമുട്ടുവാൻ നമുക്ക് പരിശ്രമിക്കും. ജീവിതത്തിൽ കഴിഞ്ഞുപോയ ദിവസങ്ങളിലേക്ക് പിൻതിരിഞ്ഞു നോക്കി മുന്നോട്ടുള്ള തുടർയാത്രകളെ ക്രമീകരിക്കുവാൻ പ്രാർത്ഥനയിലൂടെയുള്ള കണ്ടുമുട്ടൽ ഉപകരിക്കുമെന്നുള്ളത് തീർച്ചയാണ്.

പാപത്തെയും പാപസാഹചര്യങ്ങളെയും ഒഴിവാക്കി നല്ല ജീവിതം ക്രമപ്പെടുത്തുന്നതിന് ഏറ്റവും സുഗമമായ വഴിയാണ് ഉപവാസമെന്ന് തിരുവചനവും സഭയുടെ വിശുദ്ധമായ ചരിത്രവും പാരമ്പര്യങ്ങളും നമ്മെ ഓർമ്മപ്പെടുത്തുന്നു. തന്റെ പരസ്യജീവിതത്തിനൊരുക്കമായി നാല്പതു ദിവസം ഈശോ മരുഭൂമിയിൽ ഉപവസി ച്ച് പ്രാർത്ഥിച്ചു. ശാരീരികമായ പ്രവണതകളെയും ആഗ്രഹങ്ങളെയും അതിജീവിച്ച് ആത്മീയമായ പ്രചോദനം ഉൾക്കൊള്ളുവാൻ ഉപവാസം സഹായിക്കുമെന്ന് സഭാപിതാക്കന്മാർ ജീവിതത്തി

ലൂടെ കാണിച്ചു തന്നിട്ടുണ്ട്. ഇഷ്ടങ്ങളെ ത്യജിച്ച് കർത്താവിന്റെ സന്നിധിയിൽ ആയിരിക്കുവാനും അതുവഴി കൂടുതൽ ദൈവാനുഭവത്തിലേക്ക് പ്രവേശിക്കുവാനും ഉപവാസം, നോമ്പ്, പ്രായശ്ചിത്ത പ്രവൃത്തികൾ എന്നിവയിൽ കൂടുതൽ താല്പര്യപൂർവ്വം നമുക്ക് പങ്കെടുക്കാം.

യഥാർത്ഥമായ പ്രാർത്ഥനയും തീവ്രമായ ഉപവാസവും നമ്മെ ദാനധർമ്മങ്ങളിലേക്കും നന്മ പ്രവൃത്തികളിലേക്കും നയിക്കണം. "നന്മ ചെയ്യുന്നതിലും നിങ്ങൾക്കുള്ളവ പങ്കുവയ്ക്കുന്നതിലും ഉപേക്ഷ വരുത്തരുത്. അത്തരം ബലികൾ ദൈവത്തിന് പ്രീതികരമാണ്" (ഹെബ്രാ 13:17) എന്ന തിരുവചനം നമ്മുടെ ഹൃദയങ്ങളിൽ ഉണ്ടായിരിക്കട്ടെ. ലോകം മുഴുവനും നേടിയിട്ടും ആത്മാവ് നഷ്ടമാകുന്ന കാഴ്ചകൾ നമുക്കു ചുറ്റും പെരുകിക്കൊണ്ടിരിക്കുന്ന ഇക്കാലത്ത് സഹോദരരുടെ കണ്ണുകൾ നിറയുന്നതും ഉദരങ്ങൾ വിശപ്പുകൊണ്ട് പൊരിയുന്നതും നമുക്ക് തരിച്ചറിയാം. പഴയ കാലങ്ങളിൽ മോശ നൽകുന്ന കല്പനകളിൽ ഒന്നാണ് ദശാംശം നൽകൽ (സംഖ്യ 18:21–24). നമുക്കുള്ളതിന്റെ ദശാംശം ഇല്ലാത്തവരുമായി പങ്കുവയ്ക്കുമ്പോഴാണ് ക്രൈസ്തവചൈതന്യം നമുക്ക് പ്രകടമാക്കുവാൻ കഴിയുന്നത്. ആദിമ ക്രൈസ്തവസമൂഹത്തിൽ ദാരിദ്ര്യം അനുഭവിക്കുന്നവർ ആരും ഉണ്ടായിരുന്നില്ല (അപ്പ. 4:34). കാരണം ആരും തങ്ങളുടെ വസ്തുക്കൾ സ്വന്തമെന്ന് അവകാശപ്പെട്ടില്ല. ഓരോരുത്തർക്കും ആവശ്യമനുസരിച്ച് വിതരണം ചെയ്യപ്പെട്ടു. നമുക്കും പങ്കുവയ്ക്കുന്നതിൽ തീക്ഷ്ണതയുള്ളവരാകാം പ്രാർത്ഥനയുടെയും ഉപവാസത്തിന്റെയും ദാനധർമ്മത്തിന്റെയും പുണ്യവഴികളിലൂടെ നടന്ന് ഈ നോമ്പ്കാലം ഏറ്റവും ആത്മാർത്ഥമായി നമുക്ക് പ്രയോജനപ്പെടുത്താം. വിഭൂതി ദിനത്തിൽ നെറ്റിയിൽ കുരിശടയാളം വരച്ച് നാം ആരംഭിക്കുന്ന നോമ്പ് ജീവിതം ഏറെ അനുഗ്രഹദായകമാകട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

നിങ്ങളുടെ പിതാവ് + Pauly Kannookadan

**മാർ പോളി കണ്ണൂക്കാടൻ**

ഇരിങ്ങാലക്കുട രൂപതാമെത്രാൻ

---

NB:- ഈ ഇടയലേഖനം ഫെബ്രുവരി 15–ാം തിയ്യതി ഞായറാഴ്ച കുർബാന മധ്യേ എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വായിക്കേണ്ടതാണ്.

# ഇരിങ്ങാലക്കുട രൂപതയിൽനിന്നും ഈ വർഷം തിരുപ്പട്ടം സ്വീകരിച്ചവർ

| പേര് | തിയ്യതി | ഇടവക | രൂപത |
|---|---|---|---|
| ഫാ. ഊക്കൻ നവീൻ | 27/12/14 | അമ്പഴക്കാട് | ഇരിങ്ങാലക്കുട |
| ഫാ. ആട്ടോക്കാരൻ കോളിൻ | 27/12/14 | അമ്പഴക്കാട് | ഇരിങ്ങാലക്കുട |
| ഫാ. മൂക്കനാംപറമ്പിൽ വിൽസൺ | 27/12/14 | കനകമല | ഇരിങ്ങാലക്കുട |
| ഫാ. മാടവന സിന്റോ | 29/12/14 | ആനത്തടം | ഇരിങ്ങാലക്കുട |
| ഫാ. വട്ടോളി ആന്റോ | 30/12/14 | വെള്ളിക്കുളങ്ങര | ഇരിങ്ങാലക്കുട |
| ഫാ. വട്ടപ്പറമ്പൻ സുബീഷ് | 31/12/14 | കൊന്നക്കുഴി | ഇരിങ്ങാലക്കുട |
| ഫാ. പയ്യപ്പിള്ളി ജോസഫ് സാവിയോ | 01/01/15 | മാള | ഇരിങ്ങാലക്കുട |
| ഫാ. സിജേഷ് വാതൂക്കാടൻ | 27/12/14 | വെളയനാട് | ഇരിങ്ങാലക്കുട |
| ഫാ. വിപിൻ വഞ്ചിപ്പുരക്കൽ | 27/12/14 | വെളയനാട് | ഇരിങ്ങാലക്കുട |
| ഫാ. ഷൈൻ പഴയാറ്റിൽ | 28/12/14 | പുത്തൻചിറ E. | സിഎം.ഐ |
| ഫാ. ഷോബി കോഴിപ്പള്ളൻ | 31/12/14 | പുളിങ്കര | സി.എം.ഐ |
| ഫാ. ജോബി കണിമറ്റത്തിൽ | 31/12/14 | പുളിങ്കര | എസ്.ഡി.ബി |
| ഫാ. സിനോജ് തുണ്ടത്തിൽ | 31/12/14 | ഇഞ്ചക്കുണ്ട് | സാഗർ |
| ഫാ. ആൻസൻ മുഴുവൻഞ്ചേരി | 01/01/15 | കരോട്ടുകര | സാഗർ |
| ഫാ. ജിൻസോ കല്ലേരി കാഞ്ഞിരക്കാടൻ | 04/01/15 | പോട്ട | വി.സി. |
| ഫാ. ആന്റണി അൽഫൊൻസ് കൈതക്കുളം | 22/11/14 | പേരാമ്പ്ര | OFM കപ്പൂച്ചിൻ |
| ഫാ. ഷിന്റോ പൗലോസ് ഞർലേലി | 22/11/14 | വെള്ളാഞ്ചിറ | OFM കപ്പൂച്ചിൻ |
| ഫാ. ജിജോ കണ്ടംകുളത്തി | 28/10/14 | വാടച്ചിറ | ബഗൽപൂർ |
| ഫാ. ജസ്റ്റിൻ വല്ലൂരാൻ | 28/12/14 | പുത്തൻചിറ | സത്ത്ന |
| ഫാ. ജെൻസൻ പൈനാടത്ത് | 28/12/14 | മുനിപ്പാറ | സി.എം.ഐ |
| ഫാ. നിധിൻ കൈതാരൻ | 29/12/14 | ആളൂർ W. | എസ്.ഡി. ബി |
| ഫാ. രെഞ്ജു തെക്കിനിയത്ത് | 01/01/15 | കോട്ടക്കൽ | സി.എം.ഐ |

തിരുപ്പട്ടം സ്വീകരിച്ച 22 നവവൈദികർക്ക് ആശംസകൾ നേരുന്നു. അവരുടെ പൗരോഹിത്യജീവിതവും അജപാലനശുശ്രൂഷയും പ്രേഷിതപ്രവർത്തനങ്ങളും ദൈവാനുഗ്രഹം നിറഞ്ഞതാകട്ടെ യെന്ന് പ്രാർത്ഥിക്കുന്നു.

**മാർ പോളി കണ്ണൂക്കാടൻ**

50-C, NITI MARG, CHANAKYAPURI
NEW DELHI - 110 021

30 DECEMBER 2014

APOSTOLIC NUNCIATURE
IN INDIA

N. 7431/14

Your Eminence,

The Cardinal Secretary of State informs that, among the celebrations scheduled for the Year dedicated to Consecrated Life, **8 February 2015,** liturgical memory of st. Josephine Bakhita, has been proclaimed as *"World **Day of Prayer, Reflection and Action against Human Trafficking".***

The Holy Father, who on various occasions spoke about the new forms of slavery and dedicated to this theme the Message for the *World Day of Peace .2015,* has welcomed this initiative promoted by the International Unions of General Superiors.

The Catholic Church, and in particular the Congregations of Women Religious, work in various countries to fight human trafficking, but a better awareness of the problem and a greater collaboration between social and religious institutions are necessary.

May I request Your Eminence to kindly invite all the Bishops of the Conference to join the celebration of the above mentioned *World Day,* thus contributing to sensitize the public opinion and the ecclesial community about such tragic phenomenon, which is one of the most painful scourges of our times,

With my sentiments of esteem and respectful regards, I remain

Yours fraternally in Christ,

Archbishop Salvatore Pennacchio
Apostolic Nuncio

*Copy to : CBCI Centre*
His Beatitude
Most Rev. **BASELIOS CLEEMIS THOTTUNKAL**
Major Archbishop of Trivandrurn
President of CBCI

## സർക്കുലർ

സീറോ മലബാർസഭയുടെ മേജർ ആർച്ച്ബിഷപ്പ്
ജോർജ്ജ് ആലഞ്ചേരി മെത്രാപ്പോലീത്ത
തന്റെ സഹശുശ്രൂഷകരായ മെത്രാപ്പോലീത്തമാർക്കും
മെത്രാൻമാർക്കും വൈദികർക്കും സമർപ്പിതർക്കും തന്റെ അജ
പാലനശുശ്രൂഷയ്ക്ക് ഏല്പിക്കപ്പെട്ടിരിക്കുന്ന
എല്ലാ ദൈവജനത്തിനും എഴുതുന്നത്.

---

കർത്താവിന്റെ കൃപ നിങ്ങളേവരോടുംകൂടെ ഉായിരിക്കട്ടെ !

മനുഷ്യകുലത്തിന്റെ സുസ്ഥിതിക്കും ഭാവിക്കുമായി ദൈവം സ്ഥാപിച്ച നിർണ്ണായകവും അമൂല്യവുമായ കുടുംബത്തെക്കുറിച്ച് വിചിന്തനം നടത്താൻ 2014 ഒക്ടോബർ 5 മുതൽ 19 വരെ റോമിൽ വച്ച് പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപ്പാപ്പായുടെ അദ്ധ്യക്ഷതയിൽ ഒരു അസാധാരണ സിനഡ് നടന്നത് മാധ്യമങ്ങളിലൂടെ നിങ്ങൾ അറിഞ്ഞ കാര്യമാണല്ലോ. ഇന്നത്തെ കുടുംബത്തെ അതിന്റെ സർവ്വ സങ്കീർണ്ണതകളോടും പ്രകാശങ്ങളോടും നിഴലുകളോടും കൂടി നോക്കിക്കാണുക, കുടുംബത്തെക്കുറിച്ച് നാളിതുവരെ സഭയ്ക്കു ലഭിച്ച വെളിപാടുകളെയും പ്രബോധനങ്ങളെയും മനസ്സിലാക്കുക, കുടുംബത്തോടുള്ള സഭയുടെയും സമൂഹത്തിന്റെയും സമർപ്പണത്തെ വിശ്വാസത്തിന്റെ വെളിച്ചത്തിൽ എപ്രകാരമാണ് നവീകരിക്കാൻ സാധിക്കുക തുടങ്ങിയ ലക്ഷ്യങ്ങളോടെയാണ് അസാധാരണ സിനഡ് സമ്മേളിച്ചത്.

സ്ത്രീയും പുരുഷനും തമ്മിലുള്ള വിവാഹത്തിലെ പവിത്രമായ കൗദാശികബന്ധത്തിന്റെ മഹത്വത്തിനു കോട്ടം വരുത്തുന്ന സാമൂഹികവും സാംസ്കാരികവുമായ പ്രശ്നങ്ങൾ വർദ്ധിച്ചുവരുന്നതായി സിനഡ് വിലയിരുത്തി. വിവാഹ മോചനം, വിവാഹപൂർവ്വ ലൈംഗികത, മിശ്രവിവാഹം, വിവാഹേതര കൂടിത്താമസം തുടങ്ങിയവ കുടുംബബന്ധത്തിന്റെ പവിത്രതയ്ക്കു സാരമായ ഭംഗം വരുത്തുന്നു്. കുട്ടികളെ വളർത്താനുള്ള പ്രയാസത്തിന്റെയും പുതിയ ജീവനെ സ്വാഗതം ചെയ്യാനുള്ള വൈമുഖ്യത്തിന്റെയും വാർദ്ധക്യത്തിലെത്തിയവരെ ഭാരമായി കരുതുന്ന ശൈലിയുടെയും ഒരു പ്രതിലോമ സംസ്കാരം നമ്മുടെ കുടുംബങ്ങളിൽ രൂപപ്പെട്ടുവരുന്നത് ദൂരവ്യാപകമായ ദോഷഫലങ്ങൾ ഉളവാക്കുമെന്നും സിനഡ് നിരീക്ഷിക്കുകയുായി. വിവാഹബന്ധത്തിനു വെളിയിൽ ജനിക്കുന്ന

കുഞ്ഞുങ്ങളും വിവാഹമോചനം നേടിയ ദമ്പതികളുടെ കുഞ്ഞുങ്ങളും സാമൂഹികവും ആത്മീയവുമായി അനുഭവിക്കുന്ന അരക്ഷിതാവസ്ഥ ഭീതിദമാണ്. സ്ത്രീകൾക്കെതിരെ വർദ്ധിച്ചുവരുന്ന അതിക്രമങ്ങളും കുടുംബഭദ്രതയിൽ ആശങ്ക ഉളവാക്കുന്നതാണ്.

സങ്കീർണ്ണമായ ഈ പ്രതിസന്ധികൾക്കെല്ലാമുള്ള ഉത്തരം മനുഷ്യാവതാരം ചെയ്ത ഈശോയിലേക്കു തിരിയുക എന്നതു മാത്രമാണെന്ന് പരി. പിതാവ് സിനഡിലെ തന്റെ ആമുഖപ്രഭാഷണത്തിൽ ചൂണ്ടിക്കാട്ടി. ദൈവം യോജിപ്പിച്ച ബന്ധമാകയാൽ വിവാഹബന്ധം അഭേദ്യവും അലംഘനീയവുമാണ് (മത്താ 19:8) എന്ന ഈശോയുടെ കാഴ്ചപ്പാടാണ് തിരുസ്സഭയുടെ വിവാഹദർശനത്തിന്റെ കാതൽ. ഈ കാഴ്ചപ്പാടനുസരിച്ച് ദമ്പതികൾ അന്യോന്യം ഭാരമായിട്ടല്ല ദൈവദാനമായിട്ടാണ് മനസ്സിലാക്കേണ്ടത്. കുടുംബത്തെക്കുറിച്ചുള്ള ദൈവികപദ്ധതി ആദ്യമായി വെളിപ്പെട്ടത് ആദിമാതാപിതാക്കളുടെ പറുദീസായിലെ കുടുംബത്തിലാണ്. ഫലപുഷ്ടിയുള്ളവരായി വർദ്ധിക്കുവാനുള്ള കൃപയും ദൈവം അവർക്കു നല്കി (ഉത്പത്തി 1:28). ദമ്പതികൾ ഒറ്റ ശരീരമായിത്തീരാനുള്ള ഈ ദൈവികാഹ്വാനത്തിന് ഭംഗം വന്നത് പാപം മൂലമാണ്. എവിടെയാണോ സ്വാർത്ഥപരമായ പാപം വർദ്ധിക്കുന്നത് അവിടെയാണ് വിവാഹവും കുടുംബജീവിതവും അപകടത്തിലാകുന്നത് എന്ന സനാതനമായ സന്ദേശമാണ് വിശുദ്ധഗ്രന്ഥം നല്കുന്നത്.

ഭദ്രമായ കുടുംബങ്ങളാണ് സഭയുടെ യഥാർത്ഥ അടിത്തറ എന്നതിനാൽ രണ്ടാം വത്തിക്കാൻ കൗൺസിൽ കുടുംബത്തെ ഗാർഹിക സഭ എന്നാണ് വിളിക്കുന്നത് (LG, 11). 2014-ലെ സിനഡിന്റെ മാർഗ്ഗരേഖ പ്രസ്താവിക്കുന്നതുപോലെ, സഭയൊന്നാകെ വിവാഹിതരായ ദമ്പതികളിലേക്ക് പ്രത്യാശയോടെ ഉറ്റുനോക്കുകയാണ്. ദമ്പതികളാകട്ടെ ഈശോയിലേക്കും ഉറ്റുനോക്കുന്നു. മനുഷ്യവംശത്തിന്റെ കൂട്ടായ്മയ്ക്കും നിലനില്പിനും കുടുംബം അടിസ്ഥാനപരമായ അനിവാര്യതയാണ് (LM, 22).

മാതാവും ഗുരുനാഥയുമായ സഭ മാമ്മോദീസ സ്വീകരിച്ചവരുടെ വിവാഹത്തെമാത്രമാണ് അലംഘനീയമായ കൗദാശികബന്ധമായി പരിഗണിക്കുന്നത്. ഇതിനെ ലംഘിക്കുന്ന സകല മാനുഷിക ഇടപെടലുകളും തെററാണെന്ന് സഭയ്ക്ക് ഉത്തമബോധ്യമുണ്ട്. എന്നാൽ വിവാഹമോചനം, മിശ്രവിവാഹം, കൂടിത്താമസം തുടങ്ങിയ വിവിധ പ്രതിസന്ധികളാൽ വിശ്വാസയാത്രയിൽ ക്ലേശിക്കുന്ന തന്റെ മക്കളുടെ ദൗർബല്യത്തെക്കുറിച്ച് സഭാമാതാവിന് വേദനയുമുണ്ട്.

2014-ലെ സിനഡിലെ ചർച്ചകളെ അടിസ്ഥാനപ്പെടുത്തി രൂപപ്പെടുത്തിയ മാർഗ്ഗരേഖയാണ് 2015 ഒക്ടോബർ 4 മുതൽ 25 വരെയുള്ള മെത്രാൻസിനഡിന്റെ ഒരുക്കരേഖയായി പരി. പിതാവ് നിർദ്ദേശിച്ചിരിക്കുന്നത്. 'കുടുംബത്തിന്റെ വിളിയും ദൗത്യവും സഭയിലും ആനുകാലിക ലോകത്തിലും' എന്നതാണ് 2015 ലെ സാധാരണ സിനഡിന്റെ പ്രമേയം. ഈ സിനഡിൽ സാർവ്വത്രികസഭയിലെ മുഴുവൻ അംഗങ്ങളുടെയും ആശയങ്ങളും അഭിപ്രായങ്ങളും പ്രതിഫലിക്കണം എന്നതാണ് പരി. പിതാവിന്റെ ആഗ്രഹം. ഈ ലക്ഷ്യം സാക്ഷാത്ക്കരിക്കുവാനായി സിനഡിന് ഒരുക്കമായുള്ള മാർഗ്ഗരേഖ സഭയുടെ എല്ലാ തലങ്ങളിലും ചർച്ച ചെയ്യേതു്. ഇടവക, ഫൊറോന, രൂപതാതലങ്ങളിൽ സമഗ്രമായ ചർച്ചകൾ നടത്തി രൂപതാതല റിപ്പോർട്ട് ക്രോഡീകരിച്ച് മാർച്ച് 20 ന് മുൻപായി സഭയുടെ ആസ്ഥാനമായ മൗ സെന്റ് തോമസിലെ കാര്യാലയത്തിലേക്ക് അയച്ചുതരണം. കൂടാതെ മാർച്ച് 24-ാം തീയതി മൗ സെന്റ് തോമസിൽവച്ച് കുടുംബത്തെക്കുറിച്ച് സഭാതല പഠനസമ്മേളനവും നടത്തുന്നു്.

സന്യാസസമൂഹങ്ങളും ഈ വിഷയം ചർച്ച ചെയ്ത് സമൂഹതലത്തിലുള്ള റിപ്പോർട്ട് പ്രസ്തുത തീയതിക്കു മുൻപായി സഭാ കാര്യാലയത്തിൽ ഏല്പിക്കണം. കാരണം, സീറോ മലബാർ സഭയിലെ മുഴുവൻ രൂപതകളുടെയും സന്യാസഭവനങ്ങളുടെയും റിപ്പോർട്ടുകൾ ക്രോഡീകരിച്ച് ഏപ്രിൽ ആദ്യവാരത്തിൽ റോമൻ കൂരിയായിൽ സമർപ്പിക്കേതാണ്.

നമ്മുടെ രക്ഷക്കായി നസ്രത്തിലെ തിരുക്കുടുംബത്തിൽ അവതരിക്കുകയും ദൈവപിതാവിന്റെ വലിയ കുടുംബത്തിലെ മക്കളാക്കി നമ്മെ ഉയർത്തുകയും ചെയ്ത ഈശോ നമ്മുടെ കുടുംബങ്ങളെ അനുഗ്രഹിക്കട്ടെ എന്നു പ്രാർത്ഥിച്ചുകൊ് എല്ലാ കുടുംബങ്ങളെയും ആശീർവദിക്കുന്നു.

മിശിഹായിൽ സ്നേഹപൂർവ്വം,

കർദ്ദിനാൾ ജോർജ് ആലഞ്ചേരി,
സീറോ മലബാർ സഭയുടെ മേജർ ആർച്ച് ബിഷപ്പ്

---

*NB: ഈ സർക്കുലർ 2015 ഫെബ്രുവരി മാസത്തിലെ സൗകര്യപ്രദമായ ഒരു ഞായറാഴ്ച കുർബ്ബാന മദ്ധ്യേ എല്ലാ പള്ളികളിലും പൊതുജനങ്ങൾക്കായി ഞായറാഴ്ച കുർബ്ബാനയുള്ള സ്ഥാപനങ്ങളിലും വായിക്കേണ്ടതാണ്.*

# ലോകരോഗീദിന സന്ദേശം

## 11 ഫെബ്രുവരി 2015

## ഇരുപത്തിമൂന്നാം ലോകരോഗീദിനത്തോടനുബന്ധിച്ച് ഫ്രാൻസിസ് മാർപാപ്പാ നല്കുന്ന സന്ദേശം

### ഹൃദയജ്ഞാനം

**"ഞാൻ കുരുടനു കണ്ണുകളും മുടന്തനു കാലുകളുമായിരുന്നു"** (ജോബ് 29:15)

പ്രിയ സഹോദരീസഹോദരന്മാരേ,

വിശുദ്ധ ജോൺ പോൾ 2-ാമൻ ആരംഭിച്ച ലോകരോഗീദിനാചരണത്തിന്റെ 23-ാം ആചരണമാണ് ഈ വർഷം നടക്കുന്നത്. ഈ സന്ദർഭത്തിൽ, രോഗത്താൽ ഭാരപ്പെട്ടവരും സഹിക്കുന്ന ക്രിസ്തുവിന്റെ ശരീരവുമായി വിവിധ രീതികളിൽ ഐക്യപ്പെട്ടവരുമായ നിങ്ങളിലേക്കും ആരോഗ്യ ശുശ്രൂഷാ മണ്ഡലത്തിലെ വിദഗ്ധരിലേക്കും സന്നദ്ധസേവനം ചെയ്യുന്നവരിലേക്കും എന്റെ ശ്രദ്ധ തിരിക്കുന്നു.

ഈ വർഷത്തെ പ്രമേയം ജോബിന്റെ ഗ്രന്ഥത്തിലെ ഒരു വാചകത്തെപ്പറ്റി ചിന്തിക്കാൻ നമ്മെ പ്രേരിപ്പിക്കുന്നു. "ഞാൻ കുരുടന് കണ്ണുകളും മുടന്തനു കാലുകളുമായിരുന്നു" (ജോബ് 29:15) എന്നതാണ് ആ വാചകം. ഹൃദയജ്ഞാനം (Sapientia Cordis) എന്നതിന്റെ അടിസ്ഥാനത്തിൽ ഈ വാചകത്തെപ്പറ്റി പര്യാലോചിക്കാൻ ഞാൻ ആഗ്രഹിക്കുന്നു.

1. ഈ "ജ്ഞാനം" സിദ്ധാന്തപരവും അമൂർത്തവുമായ അറിവല്ല. യുക്തിവിചാരത്തിന്റെ ഫലമല്ല. വിശുദ്ധ യാക്കോബ് തന്റെ ലേഖനത്തിൽ വിവരിക്കുന്നതുപോലെ, "വിശുദ്ധവും സമാധാന പൂർണവും വിനീതവും വിധേയത്വമുള്ളതും കാരുണ്യവും സത്ഫല ങ്ങളും നിറഞ്ഞതുമാണ്"(യാക്കോ 3:17). സഹോദരീ സഹോദരന്മാരുടെ വേദനകൾ അറിയുകയും അവരിൽ ദൈവത്തിന്റെ പ്രതിഛായ കാണുകയും ചെയ്യുന്നവരുടെ മനസ്സുകളിൽ പരിശുദ്ധാത്മാവ് നിക്ഷേപിച്ചിരിക്കുന്ന കാര്യങ്ങൾ കാണുന്ന ഒരു രീതിയാണത്. അതുകൊണ്ട് നമുക്കു സങ്കീർത്തകന്റെ പ്രാർത്ഥന ഏറ്റുചൊല്ലാം: "ഞങ്ങളുടെ ആയുസ്സിന്റെ ദിനങ്ങൾ എണ്ണാൻ ഞങ്ങളെ പഠിപ്പിക്ക

ണമേ. ഞങ്ങളുടെ ഹൃദയം ജ്ഞാനപൂർണമാകട്ടെ" (സങ്കീ 90:12). ദൈവദാനമാകുന്ന ഹൃദയജ്ഞാനം ലോകരോഗീദിനത്തിന്റെ ഫലങ്ങളുടെ സംഗ്രഹമാണ്.

2. ഹൃദയജ്ഞാനമെന്നത് നമ്മുടെ സഹോദരീസഹോദരന്മാർക്ക് സേവനം ചെയ്യുകയെന്നതാണ്. "ഞാൻ കുരുടന്മാർക്കു കണ്ണുകളും മുടന്തനു കാലുകളുമായിരുന്നു" എന്ന ജോബിന്റെ വാക്കുകൾ നീതിമാനായ ആ മനുഷ്യൻ ആവശ്യത്തിൽപ്പെട്ടവർക്കു ചെയ്ത സേവനത്തെ സൂചിപ്പിക്കുന്നു. നഗരത്തിലെ ശ്രേഷ്ഠന്മാരുടെ ഇട യിൽ അധികാരവും സ്ഥാനവും പ്രാധാന്യവുമുള്ള വ്യക്തിയായി രുന്നു ജോബ്. സഹായം അന്വേഷിച്ചവർക്കു നല്കിയ സഹായ ത്തിലും അനാഥർക്കും വിധവകൾക്കും ചെയ്ത സേവനത്തിലും അദ്ദേഹത്തിന്റെ ധാർമ്മിക മഹിമ പ്രകടമായി (ജോബ് 29:12–13).

ഇന്നും എത്രയോ ക്രൈസ്തവർ കുരുടന്മാർക്കു കണ്ണുകളും മുടന്തനു കാലുകളും ആണ് തങ്ങൾ എന്ന് കാണിക്കുന്നണ്ട്. വാക്കുകൾ കൊണ്ടല്ല യഥാർത്ഥവിശ്വാസത്തിൽ വേരുറച്ച ജീവിതം കൊണ്ട് അവർ അങ്ങനെ ചെയ്യുന്നു. അവർ രോഗികളോട് ഉറ്റബന്ധം പുലർത്തുന്നു. സ്ഥിരം ശുശ്രൂഷ ചെയ്യുന്നു. അലക്കാനും വസ്ത്രം അണിയാനും ഭക്ഷണം കഴിക്കാനുള്ള സ്ഥിരമായ ആവശ്യങ്ങളിൽ സഹായിക്കുന്നു. ഈ സേവനം സുദീർഘമാകുമ്പോൾ അത് ക്ഷീണ മുണ്ടാക്കുന്നതും ഭാരപ്പെട്ടതുമാകാം. ആരെയെങ്കിലും കുറച്ചുദിവസ ത്തേക്ക് സഹായിക്കുകയെന്നത് സാധാരണഗതിയിൽ എളുപ്പമാണ്. എന്നാൽ ഒരാളെ മാസങ്ങളോളം അല്ലെങ്കിൽ വർഷങ്ങളോളം ശുശ്രൂഷിക്കുകയെന്നത് പ്രയാസമുള്ള കാര്യമാണ്. ചിലപ്പോൾ ശുശ്രൂഷിക്കപ്പെടുന്ന വ്യക്തി നന്ദി പ്രകാശിപ്പിക്കാൻ കഴിവില്ലാത്ത വ്യക്തിയായിരിക്കും. എന്നാലും ഇത് വിശുദ്ധീകരണത്തിന്റെ എത്രയോ മഹത്തായ ഒരു പാതയാണ്! പ്രയാസം നിറഞ്ഞ ആ നിമിഷങ്ങളിൽ കർത്താവുമായുള്ള ദൃഢബന്ധത്തിൽ നമുക്ക് ആശ്രയിക്കാം. നമ്മൾ സഭയുടെ ദൗത്യത്തെ പിന്തുണയ്ക്കുന്ന സവിശേഷ ഉപാധികളായി മാറും.

3. ഹൃദയജ്ഞാനമെന്നതിന്റെ അർത്ഥം നമ്മുടെ സഹോദരീ സഹോദരന്മാരുടെ കൂട്ടത്തിലായിരിക്കുകയെന്നാണ്. രോഗികളൊ ടൊപ്പം ചെലവഴിക്കുന്ന സമയം വിശുദ്ധസമയമാണ്. തന്റെ പുത്രന്റെ പ്രതിഛായയോട് നമ്മെ അനുരൂപരാക്കുന്ന ദൈവത്തെ സ്തുതിക്കാ

നുള്ള ഒരു വഴിയാണത്. ആ ദൈവപുത്രൻ വന്നത് "ശുശ്രൂഷിക്ക പ്പെടാനല്ലാതെ ശുശ്രൂഷിക്കാനും അനേകരുടെ മോചനദ്രവ്യമായി ജീവൻ കൊടുക്കാനും വേണ്ടിയാണ്" (മത്താ 20:28). യേശു തന്നെ ഇങ്ങനെ പറഞ്ഞു: "ഞാൻ നിങ്ങളുടെയിടയിൽ പരിചരിക്കുന്നവനെ പ്പോലെയാണ്" (ലൂക്കാ 22:27).

ഈ സഹോദരീസഹോദരന്മാരോടൊപ്പം സമയം ചെലവഴി ക്കണം. മിക്കപ്പോഴും പ്രശംസിക്കപ്പെടാത്ത ആ സന്മനസ്സിന്റെ മൂല്യം വിലമതിക്കപ്പെടണം. അതിനുവേണ്ട കൃപാവരത്തിനായി പരിശുദ്ധാ ത്മാവിനോട് സജീവവിശ്വാസത്തോടെ നമുക്കു പ്രാർത്ഥിക്കാം. ഗൗരവമുള്ള ജീവിതം ജീവിക്കത്തക്കതല്ലെന്നു ആളുകൾ ചിന്തി ക്കാൻ ഇടയാക്കുന്നവിധം "ജീവിതത്തിന്റെ ഗുണമേന്മ"യുടെ പ്രാധാന്യത്തെ ഊന്നിപ്പറയുന്ന തരത്തിലുള്ള ശൈലികളിൽ നുണ ഒളിച്ചിരിപ്പുണ്ടെന്ന് നാം അറിയണം.

4. ഹൃദയജ്ഞാനം എന്നതിന്റെ അർത്ഥം നമ്മുടെ സഹോദരീ സഹോദരന്മാരിലേക്ക് നമ്മിൽനിന്നു പുറത്തേക്കു പോകുകയെ ന്നാണ്. രോഗികളുടെ കിടക്കയ്ക്കരുകിൽ സമയം ചെലവഴിക്കു ന്നതിന്റെ പ്രത്യേക പ്രാധാന്യം ചിലപ്പോഴെല്ലാം നമ്മുടെ ലോകം മറന്നുപോകുന്നു. കാരണം നമ്മൾ വളരെ തിരക്കുള്ളവരാണ്. പ്രവൃത്തിയുടെയും ഉത്പാദനത്തിന്റെയും ഭ്രാന്തുപിടിച്ച് നമ്മെ ത്തന്നെ സ്വതന്ത്രമായി വിട്ടുകൊടുക്കാൻ നാം മറന്നുപോകുന്നു. മറ്റുള്ളവരെ ശുശ്രൂഷിക്കാനും മറ്റുള്ളവരുടെ ഉത്തരവാദിത്വം ഏറ്റെടുക്കാനും മറന്നുപോകുന്നു. ഈ മനോഭാവത്തിനു പിന്നിൽ മന്ദോഷ്ണമായ വിശ്വാസമാണുള്ളത്. "അതു നീ എനിക്കുവേണ്ടി ചെയ്തതാണ്" (മത്താ 25:40) എന്ന കർത്താവിന്റെ വാക്കുകൾ ആ വിശ്വാസം മറന്നിരിക്കുന്നു.

ഇക്കാരണത്താൽ, "നമ്മുടെ സഹോദരീസഹോദരന്മാരിലേക്ക് ബഹിർഗമിക്കുകയെന്നതിന്റെ തികഞ്ഞ മുൻഗണനയെക്കുറിച്ച് വീണ്ടും ഊന്നിപ്പറയാൻ ഞാൻ ആഗ്രഹിക്കുന്നു. മഹത്തായ രണ്ടു കല്പനകളിൽ ഒന്നാണത്. അത് എല്ലാ ധാർമ്മിക നിയമങ്ങളുടെയും അടിസ്ഥാനമാണ്. ദൈവത്തിന്റെ തികഞ്ഞ സൗജന്യദാനത്തോടു പ്രത്യുത്തരിച്ചുകൊണ്ടുള്ള ആധ്യാത്മിക വളർച്ചയെ തിരിച്ചറിയാ നുള്ള ഏറ്റവും വ്യക്തമായ അടയാളവുമാണത്" (സുവിശേഷത്തിന്റെ സന്തോഷം 179). "മനസ്സിലാക്കുകയും സഹായിക്കുകയും

വളർത്തുകയും ചെയ്യുന്ന കാര്യക്ഷമമായ പരസ്നേഹത്തിന്റെയും സഹതാപത്തിന്റെയും" (അവിടെത്തന്നെ) ഉറവിടമാണ്. സഭയുടെ പ്രേഷിതത്വപരമായ സ്വഭാവം.

5. ഹൃദയജ്ഞാനം എന്നതിന്റെ അർത്ഥം നമ്മുടെ സഹോദരീ സഹോദരന്മാരെ വിധിക്കാതെ അവരോട് ഐക്യദാർഢ്യം കാണിക്കുകയെന്നതാണ്. പരോപകാര പ്രവൃത്തികൾക്ക് വളരെ യേറെ സമയം വേണം. രോഗികളെ ശുശ്രൂഷിക്കാനും അവരെ സന്ദർശിക്കാനും സമയം വേണം. ജോബിന്റെ സുഹൃത്തുക്കളെ പ്പോലെ അവരുടെ അടുത്തിരിക്കാൻ സമയം വേണം: "അവന്റെ പീഡകൾ അതികഠിനമെന്നുകണ്ട് ഒരക്ഷരം സംസാരിക്കാനാവാതെ ഏഴുരാവും പകലും അവർ അവനോടൊപ്പം നിലത്തിരുന്നു" (ജോബ് 2:13). എന്നാലും ജോബിന്റെ കൂട്ടുകാർ അദ്ദേഹത്തിനെതിരേ വിധിപ്രസ്താവന നടത്തി. ജോബിന് അദ്ദേഹത്തിന്റെ പാപം മൂലമു ണ്ടായ ദൈവശിക്ഷ ദൗർഭാഗ്യമെന്നു അവർ കരുതി. വിധി പറയാതെ പങ്കുചേരലാണ് യഥാർത്ഥ പരസ്നേഹം. അത് മറ്റുള്ള വരുടെ മാനസാന്തരം ആവശ്യപ്പെടുന്നില്ല. കുനിയുകയും പ്രശംസ അന്വേഷിക്കുകയും ചെയ്യുന്ന ഏതു നന്മയെപ്പറ്റിയും തൃപ്തിയടയു കയും ചെയ്യുന്ന തെറ്റായ വിനീതഭാവത്തിൽ നിന്ന് അതു സ്വതന്ത്രമായിരിക്കും.

ജോബിന്റെ പീഡാസഹനം അതിന്റെ ശരിയായ ഉത്തരം കണ്ടെത്തുന്നത് യേശുവിന്റെ കുരിശിൽ മാത്രമാണ്. ദൈവത്തിനു നമ്മോടുള്ള ദൃഢബന്ധത്തിന്റെ തികച്ചും സൗജന്യപരവും കരുണ നിറഞ്ഞതുമായ ബന്ധത്തിന്റെ പരമമായ പ്രവൃത്തിയാണ് യേശുവിന്റെ പീഡാസഹനം. മാനുഷികവേദനയോടുള്ള പ്രത്യേകിച്ച് നിഷ്കളങ്കരുടെ വേദനയോടുള്ള സ്നേഹപൂർണമായ പ്രത്യുത്തര മാണത്. ഉത്ഥിതനായ ക്രിസ്തുവിന്റെ ശരീരത്തിൽ എന്നേക്കും മുദ്രിതമായി നിലകൊണ്ട മഹത്വപൂർണമായ അവിടത്തെ മുറിവുകൾ വിശ്വാസത്തെ സംബന്ധിച്ച ഒരു ഉതപ്പാണ്, എന്നാൽ വിശ്വാസത്തിന്റെ തെളിവുമാണ് (ജോൺ 23-ാമൻ, ജോൺപോൾ 2-ാമൻ എന്നിവരുടെ കനോനൈസേഷന്റെ സമയത്തു നടത്തിയ പ്രഭാഷണം 27 ഏപ്രിൽ 2014, കാണുക)

രോഗം, ഏകാന്തത, അശക്തി എന്നിവ മൂലം മറ്റുള്ളവരിലേക്ക് എത്തിച്ചേരാൻ നമുക്കു പ്രയാസമുണ്ടാകാം. അപ്പോഴും

സഹാനുഭാവം കൃപാവരം പങ്കുവയ്ക്കാനുള്ള സവിശേഷമാർഗമായി ത്തീരും. ഹൃദയജ്ഞാനം നേടാനും അതിൽ വളരാനുമുള്ള ഒരു ഉറവിടമായിത്തീരുകയും ചെയ്യും. ജോബിന് തന്റെ സഹനത്തിന്റെ അവസാനത്തിൽ, "അങ്ങയെക്കുറിച്ച് ഞാൻ കേട്ടിട്ടേ ഉണ്ടായിരുന്നുള്ളൂ. എന്നാൽ ഇപ്പോൾ എന്റെ കണ്ണുകൾ അങ്ങയെ കാണുന്നു" (ജോബ് 42:5)എന്നു പറയാൻ കഴിഞ്ഞതെങ്ങനെയെന്ന് നാം മനസ്സിലാക്കും. സഹനത്തിന്റെയും വേദനയുടെയും രഹസ്യത്തിൽ മുങ്ങിക്കിടക്കുന്ന ജനങ്ങൾ, ഇവയെ വിശ്വാസത്തിൽ സ്വീകരിക്കുമ്പോൾ വിശ്വാസത്തിന്റെ സജീവസാക്ഷികളാകും. ആ വിശ്വാസം സഹനത്തിന്റെ പൂർണമായ അർത്ഥം ഗ്രഹിക്കാൻ കഴിയാത്തപ്പോഴും സഹനത്തെ ആശ്ലേഷിക്കാൻ കഴിവുള്ളവരാകും.

6. ഈ ലോകരോഗീദിനത്തെ ഞാൻ മറിയത്തിന്റെ മാതൃസഹജമായ സംരക്ഷണത്തിനു ഏല്പിക്കുന്നു. മനുഷ്യാവതാരം ചെയ്ത ജ്ഞാനത്തെ, നമ്മുടെ കർത്താവായ യേശുക്രിസ്തുവിനെ ഗർഭം ധരിച്ച് പ്രസവിച്ചവളാണു മറിയം.

ഓ മറിയമേ, ജ്ഞാനസിംഹാസനമേ, ഞങ്ങളുടെ അമ്മയെന്ന നിലയിൽ എല്ലാ രോഗികൾക്കും അവരെ സംരക്ഷിക്കുന്നവർക്കും വേണ്ടി മാധ്യസ്ഥ്യം വഹിക്കണമേ. സഹിക്കുന്ന ഞങ്ങളുടെ അയൽക്കാർക്കുവേണ്ടി ഞങ്ങൾ ചെയ്യുന്ന സേവനത്തിലൂടെയും ഞങ്ങളുടെ തന്നെ സഹാനുഭാവത്തിലൂടെയും യഥാർത്ഥ ഹൃദയജ്ഞാനം ഞങ്ങൾ സ്വീകരിക്കാനും അതിനെ വളർത്താനും വേണ്ട അനുഗ്രഹം ഞങ്ങൾക്കു നല്കണമേ.

നിങ്ങൾക്ക് എല്ലാവർക്കും വേണ്ടിയുള്ള ഈ പ്രാർത്ഥനയോടെ എന്റെ അപ്പസ്തോലികാശീർവാദം നല്കുന്നു

വത്തിക്കാനിൽ നിന്ന്, 3 ഡിസംബർ 2014

വിശുദ്ധ ഫ്രാൻസിസ് സേവ്യറിന്റെ സ്മരണാദിനം

**ഫ്രാൻസിസ് മാർപാപ്പാ**

*NB: ഈ സർക്കുലറിന്റെ ഉള്ളടക്കം ഫെബ്രുവരി 11 നു മുമ്പുള്ള ഒരു ഞായറാഴ്ച വിശദീകരിച്ചു കൊടുക്കേണ്ടതാണ്.*

# തിരുബാലസഖ്യദിനം

## 2015 ഫെബ്രുവരി 8

**കെ.സി.ബി.സി. വൊക്കേഷൻ കമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ**

യേശുവിൽ ഏറ്റവും പ്രിയപ്പെട്ട മാതാപിതാക്കൻമാരേ, സഹോദ രീസഹോദരൻമാരേ, കുഞ്ഞുമക്കളേ,

1. ഫെബ്രുവരിയിലെ രണ്ടാമത്തെ ഞായറാഴ്ചയാണ് എല്ലാ വർഷവും തിരുബാലസഖ്യദിനമായി ആഗോളകത്തോലിക്കാസഭ ആചരിക്കുന്നത്. ബാല്യം മുതലേ ഈശോ മാതാപിതാക്കൻമാർക്ക് വിധേയനായി ജീവിച്ചുവെന്ന കാര്യം ഈ സുദിനത്തിൽ നമ്മുടെ യെല്ലാം പരിചിന്തനത്തിനു വിധേയമാകണം.

2. നസ്രത്തിൽ യൗസേപ്പുപിതാവും പരിശുദ്ധകന്യകാമറിയവും ഉണ്ണി യേശുവിൽ തിരുബാലനെ കണ്ടെത്തുന്നത് അവരുടെ ദൈവപദ്ധതിയു മായുള്ള പങ്കുചേരലിലാണ്. ഇന്നത്തെ മാതാപിതാക്കൻമാർ കുട്ടി കളെക്കുറിച്ചുള്ള ദൈവപദ്ധതിയിൽ പങ്കുചേരുമ്പോൾ ഓരോ കുടും ബത്തിലും ദിവ്യത്വം തുളുമ്പുന്ന ബാല്യങ്ങൾ രൂപപ്പെടുമെന്നത് തീർച്ച യാണ്. ശുഭമായ ഭാവിക്കുവേണ്ടിയുള്ള ദൈവികപദ്ധതിക്ക് കൂട്ടു നിൽക്കുവാൻ മാതാപിതാക്കൻമാർ എപ്പോഴും ശ്രദ്ധിക്കേണ്ടതുണ്ട്.

3. കുട്ടികൾ പാറമേൽ പണിത ഭവനങ്ങൾ പോലെയാകണം. മാതാ പിതാക്കൻമാരുടെ വിശ്വാസതീക്ഷ്ണതയും ആഴപ്പെട്ട ബോധ്യങ്ങ ളുടെ ദൃഢമായ സ്നേഹവുമുള്ള പാറമേൽ വേണം ബാല്യങ്ങളും കൗമാരങ്ങളും രൂപപ്പെടുവാൻ. രക്ഷകനായ യേശുവിൽ ദൃഢമായി വിശ്വസിക്കുകയും കത്തോലിക്കാ സഭാചൈതന്യത്തിൽ ആയിരി ക്കുകയും സാമൂഹിക പ്രതിജ്ഞാബദ്ധതയോടെ ജീവിക്കുകയും ചെയ്യുക എന്നത് ഈ ആഴപ്പട്ട ജീവിതത്തിന് ആവശ്യമാണ്. ദൈനം ദിന കുടുംബപ്രാർത്ഥനയും കൗദാശിക ജീവിതവും കുട്ടികളുടെ മതബോധനവും ഒക്കെ പ്രത്യേകം ശ്രദ്ധിക്കേണ്ട മേഖലകളാണ്.

4. ഇനി ഒരു സമർപ്പണ ചിന്തയാണ്. വളർത്തുന്നവൻ ദൈവ മാണ് എന്ന സത്യം തിരിച്ചറിയുമ്പോൾ പരിശുദ്ധ അമ്മ ചെയ്തതു പോലെ ഓരോ കുഞ്ഞിനെയും ദൈവാലയത്തിൽ കൊണ്ടു ചെന്ന് ദൈവത്തിന് കാഴ്ചവയ്ക്കും. അതായത്, ദൈവപദ്ധതിക്ക് പൂർണ്ണ മായും കുട്ടികളെ വിട്ടുകൊടുക്കും. അവരുടെ ജീവിതപാതകളെ മെന യുന്ന കർത്താവിന് അവരെ വിട്ടുകൊടുക്കുമ്പോൾ വിടുതലിന്റെ സ്വാതന്ത്ര്യവും നല്ല ദൈവത്തിലുള്ള കൂടുതലായ ആശ്രയ ബോധ വും അവർക്ക് സ്വന്തമാകും. പൗരോഹിത്യ സന്ന്യാസ ജീവിതാന്ത സിലേക്കു നീങ്ങാനാഗ്രഹിക്കുന്ന കുട്ടികളുടെ മാതാപിതാക്കൻമാരും

ബന്ധുക്കളും സുഹൃത്തുക്കളും അവരെ അതിന് അനുയോജ്യമായ രീതിയിൽ കൈപിടിക്കേണ്ടതാണ്. അതിനു തയ്യാറാവാതെ അവരുടെ സ്വപ്നങ്ങളെ വിലയിടിച്ചുകാണിക്കുകയും അവരെ അതിൽ നിന്ന് പിന്തിരിപ്പിക്കുകയും ചെയ്യുന്നവർ ദൈവപദ്ധതിയോട് പട പൊരുതുകയാണ് ചെയ്യുന്നത്. കുഞ്ഞുങ്ങൾ എന്റെ അടുക്കൽ വരുവാൻ അനുവദിക്കുവിൻ, അവരെ തടയരുത് എന്നത് ഒരു ദൈവ കല്പനയായി നാം തിരിച്ചറിയണം.

5. ഓരോകുട്ടിക്കും അനുയോജ്യമായ ജീവിതാന്തസ്സ് തിരഞ്ഞെടുക്കുവാൻ മാതാപിതാക്കൻമാരും അവരോട് ചേർന്ന് അദ്ധ്യാപകരും അവരെ പരിശീലിപ്പിക്കേണ്ടതുണ്ട്. ഒരു വൈകാരിക വിസ്ഫോടനത്തിനുശേഷമോ, മാതാപിതാക്കളുടെയും മുതിർന്നവരുടെയും പ്രീതിക്കുവേണ്ടിയോ ആവരുത് ഈ തിരഞ്ഞെടുപ്പുകൾ കുട്ടികൾ നടത്തുന്നത്. സമാധാനപൂർണ്ണവും സർഗ്ഗാത്മകവുമായ ഭാവിക്ക് ശരിയായ തിരഞ്ഞെടുപ്പുകൾ ആവശ്യമാണ്. ഇതിനു സഹായിക്കു വാൻ വൈദികരും, സന്യസ്തരും മറ്റ് ആദ്ധ്യാത്മിക ഗുരുക്കൻമാരും മുന്നോട്ടുവരണം. മക്കളെ നന്നായി വളർത്തുകയെന്നത് കുഞ്ഞങ്ങൾ ദൈവം തന്ന ദാനമാണ് എന്ന തിരിച്ചറിവിൽനിന്നു വരുന്ന ഉത്തരവാദിത്വമാണ്. ഇത് കൂടുതൽ തെളിയേണ്ട സാമൂഹിക സാഹചര്യങ്ങളുമാണ് ഇന്നുള്ളത്.

6. കുട്ടികളുടെ സുരക്ഷിതത്വകാര്യത്തിൽ ഇന്ന് മുതിർന്നവർ കൂടുതൽ ജാഗ്രത പുലർത്തണം. ശാരീരികവും ആദ്ധ്യാത്മികവുമായ അപകട മേഖലകൾ കൂടിവരുന്നത് നാം തിരിച്ചറിയണം. പല നഗരങ്ങളിലും കുട്ടികളുടെ ഇടയിൽ മദ്യവും മയക്കുമരുന്നും ഉപയോഗിക്കുന്നവരുടെയും അത് വിൽക്കുന്നവരുടെയും എണ്ണം ഭയാനകമായി കൂടുന്നുണ്ട്. മുതിർന്നവർ ലൈംഗികമായി കുട്ടികളെ ദുരുപയോഗം ചെയ്യാതിരിക്കാനും പരിശുദ്ധമല്ലാത്ത ബന്ധങ്ങളിലേക്ക് കുട്ടികൾ കടന്നുചെല്ലാതിരിക്കാനും മാതാപിതാക്കൻമാർ നിതാന്ത ജാഗ്രത പുലർത്തേണ്ടതുണ്ട്.

7. വാട്സ് ആപ്പിലൂടെയും ഫെയ്സ്ബുക്കിലീടെയും സെൽഫി ഫോട്ടോകൾ എടുത്ത് കുട്ടികൾ തങ്ങളെത്തന്നെ പ്രദർശിപ്പിക്കുന്ന പ്രവണത കൂടിവരുന്നു. തങ്ങളെത്തന്നെ എല്ലാവർക്കും വെളിപ്പെടുത്തുക വഴി അത്യാഗ്രഹികളായ കഴുകദൃഷ്ടികൾക്ക് അവർ ഇരയാവുകയാണ്. ഈ മേഖലയിൽ മാതാപിതാക്കളുടെ പ്രത്യേക ശ്രദ്ധ അനിവാര്യമാണ്. സോഷ്യൽ മീഡിയയിലൂടെയും ടെലിഫോൺ ഉപയോഗത്തിലൂടെയും കുട്ടികൾ വഴിതെറ്റാതിരിക്കുവാനും പ്രത്യേക ശ്രദ്ധ ആവശ്യമാണ്. കുട്ടികളുടെ അസാധാരണമായ പെരുമാറ്റങ്ങളും

നിശ്ശബ്ദതകളും ഒക്കെ തിരിച്ചറിഞ്ഞ് മക്കളെ സുരക്ഷിതമായി നയിക്കുവാൻ എല്ലാ മാതാപിതാക്കൻമാരും ശ്രദ്ധിക്കണം.

8. സാമുദായിക സ്പർദ്ധയും, വർഗ്ഗീയവാദവും, തീവ്രവാദവും, ഒക്കെ നമ്മുടെ നാട്ടിലും കൂടുതൽ ശക്തി പ്രാപിക്കുകയാണ്. പ്രണയം നടിച്ച് പ്രലോഭിപ്പിച്ചും മതംമാറുകയും തീവ്രവാദങ്ങളിലേക്കും മറ്റ് അപകടമേഖലയിലേക്കും കുട്ടികളെയും യുവതീയുവാക്കളെയും കടത്തിക്കോണ്ടു പോകുന്ന സാഹചര്യങ്ങളെയും കൂട്ടുന്നു. കത്തോലിക്ക വിശ്വാസവും കുടുംബഭദ്രതയും മുറുകെ പിടിക്കുവാനും ക്രിസ്തു സമതയിൽ വളരുവാനും നാം കുട്ടികളെ പഠിപ്പിക്കേണ്ടതാണ്.

9. സഭയോടൊത്തു ചിന്തിക്കുവാനും പ്രവർത്തിക്കുവാനും കുട്ടികളെ പഠിപ്പിക്കുകയും വേണം. പൈശാചികവും തെറ്റിക്കുന്നതുമായ മേഖലകളിൽനിന്നും കുട്ടികളെ ഒഴിവാക്കി നിർത്തുവാൻ സഭയോടും സഭാതനയരോടും ചേർന്ന്നിൽക്കുക, പ്രവർത്തിക്കുക അത്യാവശ്യമാണ്. കുടുംബയൂണിറ്റുകളുടേയും സഭാസംഘടനകളുടെയും പ്രവർത്തനങ്ങളിൽ പങ്കെടുക്കുവാനും സഭാധികാരികളോട് സ്നേഹവും പരിഗണനയും ഉള്ളവരുമായി വളരാനും കുട്ടികളെ പ്രോത്സാഹിപ്പിക്കണം. സഭാചൈതന്യത്തിൽ കുട്ടികളെ വളർത്തുന്ന എല്ലാ മാതാപിതാക്കന്മാരേയും കേരള കത്തോലിക്കാ മെത്രാൻ സമതിയുടെ പേരിൽ ഞങ്ങളുടെ സ്നേഹവും നന്ദിയും അറിയിക്കുന്നു.

10. തിരുബാലസഖ്യദിനം ആചരിക്കുമ്പോൾ നമ്മുടെ കുഞ്ഞുങ്ങളെ തിരുബാല്യത്തിലേക്ക് ഉയർത്തുവാൻ സഭയുടെ എല്ലാഘടകങ്ങളും ഒത്തൊരുമിച്ച് പ്രവർത്തിക്കാൻ ഇടയാകണം. അതിനാൽ പ്രിയ സഹോദരങ്ങളേ, നമ്മുടെ കുഞ്ഞുങ്ങളുടെ സമഗ്രനന്മയ്ക്കായി ശക്തമായ ഒരു നിലപാട് സ്വീകരിക്കാൻ ഈ തിരുബാലസഖ്യദിനത്തിൽ നമുക്ക് പ്രതിജ്ഞ ചെയ്യാം.പീഠത്തിൻ മുകളിലെ പ്രകാശഗോപുരങ്ങളായി നമ്മുടെ കുട്ടികൾ വളരട്ടെ.

സ്നേഹപൂർവ്വം,

**ബിഷപ്പ് വിൻസെന്റ് സാമുവൽ**

ചെയർമാൻ, കെ.സി.ബി.സി. വൊക്കേഷൻ കമ്മീഷൻ

**ബിഷപ്പ് യൂഹാനോൻ മാർ ക്രിസോസ്റ്റോം**

വൈസ് ചെയർമാൻ, കെ.സി.ബി.സി. വൊക്കേഷൻ കമ്മീഷൻ

**ബിഷപ്പ് മാർ ജേക്കബ് മുരിക്കൻ**

വൈസ് ചെയർമാൻ, കെ.സി.ബി.സി. വൊക്കേഷൻ കമ്മീഷൻ

---

NB: ഈ സർക്കുലറിലെ ആശയങ്ങൾ ഫെബ്രുവരി 8–ാം തീയതി എല്ലാ ദേവാലയങ്ങളിലും സ്ഥാപനങ്ങളിലും വിശദീകരിച്ചുകൊടുക്കേണ്ടതാണ്.




**1 Transfers, Appointments and Relieving Orders of the Priests with effect from 29-01-2015**

1 **Rev.Fr.Antony Pudussery :** Relieved Chaplain Kottat and appointed Chaplain, St. Joseph's Sadan, Puthenchira

2 **Rev.Fr. Antony Manjaly :** Relieved Chaplain, St.Joseph's Sadan, Puthenchira and Appointed Vicar and Chaplain, Poyya

3 **V.Rev. Fr.Sebastian Arikat :** Relieved from all the offices of the Eparchy of Irinjalakuda and Granted Leave for one year and Residence at Sehion Retreat Centre, Attapadi.

4 **Rev.Fr. Thomas Menachery :** Relieved Spiritual Father and Vice Rector, Spirituality Centre Irinjalakuda and Appointed Vicar and Chaplain, Puthenvelikara

5 **Rev. Fr. Paul Elamkunnapuzha :** Relieved Vicar, Fatima Nagar Mannukad

6 **Rev.Fr.Jose Manjaly :** Relieved Treasurer PWF

7 **V.Rev.Fr.Lazar Kuttikadan :** Appointed Vicar, Forane Church, Kuttikad and Chaplain, CMC, Jeevadhara Convents and Karunalayam, Kuttikad

8 **Rev.Fr. Varghese Pereppadan :** Relieved Priest-in-Charge of Jubilee Nagar and Appointed, Treasurer PWF and Residence at Youth Centre, Aloor

9 **Rev.Fr.Benny Cheruvathur :** Vicar and Chaplain, Puthenchira East and Director, Sweet Home, Puthenchira East

10 **Rev.Fr. Anto Parassery :** Vicar, Vennur

11 **Rev. Fr.Tom Maliekal :** Relieved Director KCSL

12 **Rev. Fr. Joshy Paliekara :** Relieved Finance Officer, St. James' Hospital Trust, Chaplain, SH Convent and Karunya FCC Convent, Chalakudy and Appointed Vicar, Karottukara and Manager, St.Antony's CBSE School, Karottukara

13 **Rev.Fr.Benny Arimbully :** Relieved from all the offices of the Eparchy of Irinjalakuda and Granted study leave for three years

14 **Rev.Fr. Seby Kanjilassery :**Appointed Vicar and Chaplain, Konnakuzhy

15 **Rev.Fr.Bency Cheenan :** Appointed Vicar and Chaplain, Pulinkara

16 **Rev. Fr. Joseph Kanamkudam :** Appointed Chaplain, St.Antony's Convent, Kottat also

17 **Rev.Fr.Wilson Eluvathingal Koonan :** Appointed Director Mothers' Union also

18 **Rev.Fr. Thomas Elamkunnapuzha :** Relieved Vicar, Vennur, Director, Mothers' Union and Appointed, Finance Officer, St. James' Hospital Trust and Chaplain SH and Karunya Convents, Chalakudy

19 **Rev.Fr. George Chiramel :** Appointed Vicar and Chaplain, Avadi

20 **Rev.Fr.Shaju Chirayath :**Appointed Director, KCSL also

21 **Rev.Fr.Jijo Thundathil :**Appointed Priest-in-Charge, Jubilee Nagar

22 **Rev.Fr.Justin Vazhappilly :** Relieved, all the offices of Chennai Mission and Appointed, Vicar and Chaplain Kodunga and Koplipadam

23 **Rev.Fr. Seemon Kanjithara :** Vicar and Chaplain, Kaipamangalam and Kadapuram

24 **Rev.Fr. Siju Komban :** Granted study leave for two years and appointed, Priest-in-Charge of Velloor Mission

25 **Rev.Fr. Jinoj Kolenchery :** Relieved Vicar and Chaplain, Kodunga and Koplipadam

26 **Rev. Fr. Nilson Pellissery :** Relieved Asst. Vicar, Meladoor

27 **Rev.Fr. Ajith Cheriekara :** Relieved all the offices of Chennai Mission and Appointed Vicar and Chaplain, Aroormuzhy and Pillapara, Priest-in-Charge, Malakkapara Mission and Manager, Aroormuzhy and Vettikuzhy Estates.

28 **Rev.Fr.Shabu Puthoor :** Appointed Vice Rector and Sp. Father, Spirituality Centre, Irinjalakuda and Chaplain, Sehion and Jai Matha SABS Convents

29 **Rev.Fr.Joy Menoth :** Appointed Vicar and Chaplain, Xaviyur

30 **Rev.Fr.Jaims Pallipatt :** Appointed Vicar, Alamattam and Thirumukulam

31 **Rev.Fr.Lijo Karuthy :** Appointed Editor, Kerala Sabha, Director, Publicity and Advertisement of Kerala Sabha and Chaplain, Paulalayam, Vallakunnu

32 **Rev.Fr.Sherans Elamthuruthy :** Appointed Acting Vicar, Mannukad

33 **Rev.Fr. Jinto Verampilavil :** Appointed Asst.Vicar, St. Thomas Church, Aynavaram and Asst.Finance Officer, Chennai Mission

34 **Rev.Fr. Linto Thaliyanayath :** Appointed Vicar and Chaplain, Vellani and Asst.Director, Darsan Communication Media

35 **Rev.Fr. Sibu Kallaparambil :** Relieved from all the offices of the Eparchy of Irinjalakuda and Granted study leave for three years

36 **Rev. Fr. Joby Menoth :** Relieved, Asst. Director Communication Media and Appointed Priest-in-Charge, Mathur and Asst. Vicar Perambur, Chaplain, Jeevodhaya and Residence at Jeevodhaya, Mathur

37 **Rev. Fr. Dinto Plackal :** Appointed Priest- in- Charge, Pozhichallur

38 **Rev.Fr. Sebin Edattukaran :** Appointed 1st Asst. Cathedral Church, Irinjalakuda

39 **Rev.Fr. Melwin Pereppadan :** Appointed Asst. Vicar, Forane Church, Edathiruthy

40 **Rev. Fr. Joseph Kizhakkumthala :** Appointed Asst.Vicar, South Thanissery

41 **Rev.Fr. Sinu Arimbooparambil :** Appointed Asst.Vicar, Forane Church, Kuttikad

42 **Rev.Fr. Joseph Maliekal :** Appointed Asst.Vicar Meladoor

43 **Rev.Fr.Seby Koottalaparambil :** Appointed Asst.Vicar, Forane Church, Parappukara

44 **Rev.Fr. Binoj Thekkekara :** Appointed Asst.Vicar, Potta

45 **Rev.Fr.Mefin Thekkekara :** Appointed Asst.Vicar, Thazhekad

46 **Rev.Fr.Linto Panamkulam :** Appointed Asst.Vicar, Forane Church, Ambazhakad

47 **Rev.Fr.Colin Attokkaran :** Appointed Asst.Vicar, Perambra

48 **Rev.Fr.Naveen Ukken :** Appointed 3rd Asst. Cathedral Church, Irinjalakuda

49 **Rev.Fr. Wilson Mookanamparambil :** Appointed Asst.Vicar, West Chalakudy

50 **Rev.Fr.Sinto Madavana :** Appointed Asst.Vicar, Mapranam

51 **Rev.Fr. Subish Vattaparamban :** Appointed Asst. Vicar, Aloor

52 **Rev. Fr. Anto Vattoly :** Appointed 2nd Asst. Vicar, Forane Church, Chalakudy

53 **Rev.Fr. Joseph Savio Payyapilly :** Appointed Asst. Vicar, Kallettumkara

54 **Rev.Fr. Joy Kozhukkatta ISCH :** Relieved Acting Vicar and Chaplain, Nellayi and Appointed Sp. Father, Kanakamala

55 **Rev.Fr.Binish Mankoottathil ISCH :** Appointed Asst. Vicar, Lourdmatha Church, Elinjipra

56 **Rev. Fr. Binoy Panel ISCH :** Appointed Asst. Vicar, Munnumuri

57 **Rev.Fr. Vipin Vanchipura CMI :** Appointed Asst. Vicar, North Chalakudy

58 **Rev.Fr. Shine Pazhayattil CMI :** Appointed Asst. Vicar, Poovathussery

59 **Rev. Fr. Jaison Adakkaparamban ISCH :** Relieved Asst. Vicar, Forane Church, Edathiruthy

2. **വലിയ നോമ്പ്:** ഫെബ്രുവരി 15–ാം തിയ്യതി ഞായറാഴ്ച പാതിരാ മുതൽ നോമ്പ് ആരംഭിക്കുന്നു. നോമ്പുകാലത്ത് വിവാഹാഘോഷങ്ങൾക്ക് മുടക്ക്. വിദേശത്ത് ജോലി ചെയ്യുന്നവരാണെങ്കിലും വിവാഹം അനുവദിക്കുന്നതല്ല.

3. **വൈദികക്ഷേമനിധി:** പള്ളികളിലും ഇതരസ്ഥാപനങ്ങളിലും സേവനമനുഷ്ഠിക്കുന്ന വൈദികരുടെ ഒരു മാസത്തെ അലവൻസിന് തുല്യമായ സംഖ്യ രൂപതാഭവനത്തിൽ കൊടുക്കാത്തവർ എത്രയും വേഗം നല്കേണ്ടതാണ്.

4. **മാസധ്യാനം:** ഫെബ്രുവരിയിൽ അതാത് ഫൊറോനകളിൽ വച്ചായിരിക്കും.

5 **Junior Priests' Gathering :** നമ്മുടെ രൂപതയിലെ Junior Priests' Gathering 2015 ഫെബ്രുവരി 24 ചൊവ്വ 6 p.m. മുതൽ 25 ബുധനാഴ്ച 1 p.m. വരെ കല്ലേറ്റുംകര പാക്സിൽവച്ച് നടത്തപ്പെടുന്നു. 2008 ഡിസംബർ മുതൽ 2015 ജനുവരി ഉൾപ്പെടെയുള്ള കാലയളവിൽ വൈദികപട്ടം സ്വീകരിച്ച എല്ലാ രൂപത വൈദികരും ഇതിൽ പങ്കുകൊള്ളണം.

6 **ഏകോപന സമിതി :** ഭക്തസംഘടനകളുടെയും പ്രസ്ഥാനങ്ങളുടെയും ഏകോപനസമിതി മീറ്റിങ്ങ് 2015 ഫെബ്രുവരി 14 ശനിയാഴ്ച 2.30p.m. മുതൽ 4.30 p.m വരെ രൂപതാഭവനത്തിൽവച്ച് ഉണ്ടായിരിക്കുന്നതാണ്.

രൂപതാ കാര്യാലയം — **മോൺ. ജോസ് ഇരിമ്പൻ**

25. 01. 2015 — വികാരി ജനറാൾ

# പാസ്റ്ററൽ കൗൺസിൽ

## 13–ാം പാസ്റ്ററൽ കൗൺസിലിന്റെ 4–ാം സമ്മേളനം
## 2015 മാർച്ച് 14–ാം തിയ്യതി ശനിയാഴ്ച രാവിലെ 9.30ന്

2014 ഒക്ടോബർ 5 മുതൽ 19 വരെ റോമിൽവച്ച് പരി. പിതാവ് ഫ്രാൻസിസ് പാപ്പയുടെ അദ്ധ്യക്ഷതയിൽ ഒരു അസാധാരണ സിനഡ് ലോകമെമ്പാടുമുള്ള എല്ലാ കുടുംബങ്ങളെയും അവരുടെ സന്തോഷങ്ങളോടും കഷ്ടപ്പാടുകളോടും പ്രതീക്ഷകളോടും കൂടെ അഭിസംബോധന ചെയ്തു. ഈ സിനഡിൽ നടന്ന ചർച്ചകളെ അടിസ്ഥാനപ്പെടുത്തി രൂപപ്പെടുത്തിയ മാർഗ്ഗരേഖ എല്ലാ രൂപതകളിലും ചർച്ച ചെയ്ത് അതിന്റെ റിപ്പോർട്ട് 2015 ഒക്ടോബർ 4 മുതൽ 25 വരെ റോമിൽവച്ച് നടക്കുവാൻ പോകുന്ന സാധാരണ സിനഡിൽ അറിയിക്കണമെന്ന് ഫ്രാൻസിസ് പാപ്പ ആവശ്യപ്പെട്ടിട്ടുണ്ട്. 2015ലെ സാധാരണ സിനഡിന്റെ പ്രമേയം തന്നെയാണ് നമ്മുടെ രൂപതാ പാസ്റ്ററൽ കൗൺസിലിന്റെ അടുത്ത സമ്മേളനത്തിൽ വിഷയമായി നാം തിരഞ്ഞെടുത്തിരിക്കുന്നതും : **"കുടുംബത്തിന്റെ വിളിയും ദൗത്യവും സഭയിലും ആനുകാലിക ലോകത്തിലും"**

